LIBRARY ARCHIVES Kerala Legislative Assembly

പട്ടയം നൽകൽ

104(2982) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലത്തെയും പാണ്ടുപാറയിലെയും റവന്യൂ ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്ന നിവാസികൾക്ക് പട്ടയം നൽകുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും ആയത് എന്നത്തേക്ക് നല്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച ഫയലുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) അയ്യമ്പുഴ വില്ലേജ് ഹിൽടാക്കു് പരിധിയിൽ വരാത്തതിനാലാണ് നിലവിലെ ഭൂപരിധിയിൽ കൂടുതൽ ഭൂമി ഉള്ളവർക്ക് ഭൂമി പതിവ് നൽകുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകം. അയ്യമ്പുഴ വില്ലേജ് ഹിൽടാക്കു് ആയി പ്രഖ്യാപിക്കുന്നതിന് വേണ്ടിയുള്ള ശിപാർശ സർക്കാർ പരിശോധിക്കുകയും നിയമവകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് അയ്യമ്പുഴ വില്ലേജിലെ മുഴുവൻ ഭൂമിയും ഹിൽടാക്കുസ് ആയി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നും, വിഭജനത്തിന് ശേഷമുള്ള മഞ്ഞപ്ര വില്ലേജ് ഹിൽടാക്കു് ആയി പ്രസ്തുത ചട്ടങ്ങളിൽ നിലനിർത്തേണ്ടതുണ്ടോ എന്നും കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) ജില്ലാ കളക്ടറേറ്റിലെ എൽ2-46675/04 നമ്പരിലും ആലുവ താലൂക്ക് ഓഫീസിൽ സി4-6400/2004 നമ്പരിലും, ലാൻഡ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ LRJ7/5910/12-ാം നമ്പരിലും, സെക്രട്ടേറിയറ്റ് റവന്യൂ (എ) വകുപ്പിലെ 44956/എ 3/09/റവ നമ്പർ ഫയലിലും നടപടികൾ സ്വീകരിച്ചുവരുന്നു.

കുടിയേറ്റ ഭൂമിക്ക് പട്ടയം

105(2983) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ, കൈവശ രേഖയുള്ള കുടിയേറ്റ ഭൂമിയുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;